നം.ആർ&ആർ (1)/3226/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി. 11-03-2020
ഫോൺ നം.0471-2580526

# സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം- കൊറോണ (കോവിഡ് 19) വൈറസ് വ്യാപനത്തിനെതിരെ ജാഗ്രത പാലിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുമായി സംസ്ഥാനത്തെ സ്കൂൾ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത്-സംബന്ധിച്ച്.

**സൂചന :-** സ.ഉ (സാധാ) നം. 1264/2020/പൊ.വി.വ തീയതി: 11.03.2020.

സംസ്ഥാനത്ത് കൊറോണ വൈറസ് (കോവിഡ് 19) ബാധ സ്ഥിരീകരിച്ചിട്ടുള്ളതിനാൽ ജാഗ്രത പാലിക്കുന്നതിനും, സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുമായി സ്റ്റേറ്റ് സിലബസ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ മറ്റ് സിലബസ് സ്കൂളുകൾ, അൺഎയ്ഡഡ് വിദ്യാലയങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളുടേയും പ്രവർത്തനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തി കൊണ്ട് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. സംസ്ഥാനത്തെ പ്രീ-പ്രൈമറി, ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും കൂടാതെ മദ്രസകൾ, ട്യൂട്ടോറിയലുകൾ, അംഗൻവാടികൾ എന്നിവയും 2020 മാർച്ച് മാസം 31-ാം തീയതി വരെ കർശനമായും അടച്ചിടേണ്ടതാണ്. ഈ നിയന്ത്രണം സി.ബി.എസ്.ഇ, ഐ.സി.എസ്.സി മറ്റ് സിലബസ് സ്കൂളുകൾ, അൺഎയ്ഡഡ് വിദ്യാലയങ്ങൾക്കും ബാധകമാണ്.
2. 8, 9 ക്ലാസ്സുകളിലേയ്ക്കുള്ള പരീക്ഷകൾ നിശ്ചയിച്ച പ്രകാരം നടക്കുന്നതാണ്.
3. എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു, വൊക്കേഷണൽ ഹയർസെക്കണ്ടറി മുതലായ പൊതു പരീക്ഷകളും നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കേണ്ടതാണ്.
4. പരീക്ഷാർത്ഥികളിൽ ആർക്കെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ അവരെ പ്രത്യേക മുറിയിൽ ഇരുത്തി പരീക്ഷ എഴുതിക്കേണ്ടതാണ്.
5. പരീക്ഷാർത്ഥികളും അദ്ധ്യാപകരും വേണ്ടത്ര മുൻകരുതലുകൾ എടുക്കേണ്ടതാണ്.
6. പരീക്ഷ ഒഴികെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു തരം പഠന പ്രവർത്തനവും മാർച്ച് 31 വരെ ഉണ്ടാകരുത്.
7. ട്യൂഷൻ ക്ലാസ്സുകൾ, സ്പെഷ്യൽ ക്ലാസ്സുകൾ, അവധിക്കാല ക്ലാസ്സുകൾ മുതലായവ ഒഴിവാക്കേണ്ടതാണ്.

മേൽ പറഞ്ഞ കാര്യങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും, ആവശ്യമായ നടപടികൾ കൈക്കൊള്ളാനും അതത് തലങ്ങളിലുള്ള ഉദ്യോഗസ്ഥരെയും സ്ഥാപനമേധാവികളെയും ചുമതലപ്പെടുത്തുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

***സ്വീകർത്താക്കൾ:***

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ജില്ലയിലെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ/ഐ.എസ്.സി, കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ സ്കൂൾ അധികൃതർക്കും ഈ സർക്കുലർ ലഭിച്ചുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്)
2. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
3. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡി.ഇ.ഒ, എ.ഇ.ഒ മാർ തങ്ങളുടെ അധികാര പരിധിയിലുള്ള മുഴുവൻ സ്കൂൾ അധികൃതർക്കും, ആ പരിധിയിൽ സ്ഥിതി ചെയ്യുന്ന മുഴുവൻ ട്യൂഷൻ സെന്ററുകൾക്കും സർക്കുലർ നൽകി ഉറപ്പു വരുത്തേണ്ടതാണ്)
6. റീജിയണൽ ഡയറക്ടർ, സി.ബി.എസ്.ഇ റീജിയണൽ ഓഫീസ്.
7. ഡെപ്യൂട്ടി കമ്മീഷണർ, കേന്ദ്രീയ വിദ്യാലയ കേരള റീജിയൺ.
8. റീജിയണൽ സെക്രട്ടറി, ഐ.സി.എസ്.ഇ/ഐ.എസ്.സി സ്കൂളുകൾ.
9. റീജിയണൽ ഓഫീസർ, നവോദയ സ്കൂളുകൾ കേരള റീജിയൺ.
10. ഡയറക്ടർ, ഐ & പി.ആർ.ഡി (പ്രസിദ്ധീകരണത്തിന്)
11. സ്റ്റോക്ക് ഫയൽ.